# ഉപഭോക്തൃ സങ്കട പരിഹാര ഫോറം

**വൈദ്യുതി വിഭാഗം, തൃശ്ശൂർ കോർപ്പറേഷൻ**
**തൃശ്ശൂർ - 680 001.**

നമ്പർ : CGRF – 3560/25 | തിയ്യതി : 27.06.2025

**ഹാജർ**

| | | |
|---|---|---|
| ടി. എസ്. ജോസ് | - | ചെയർപേഴ്സൺ |
| കെ.വിനുകൃഷ്ണൻ | - | മെമ്പർ |
| അഡ്വ. അസിയ.പി.കെ | - | മെമ്പർ |

കൃഷ്ണകുമാർ
പദ്മാലയ, TC – 2/775, കെ.കെ. ലെയ്ൻ — പരാതിക്കാരൻ
പൂങ്കുന്നം, തൃശ്ശൂർ - 680 002

ലൈസൻസിയ്ക്കു വേണ്ടി
അസിസ്റ്റന്റ് സെക്രട്ടറി,
വൈദ്യുതി വിഭാഗം — എതിർകക്ഷി
തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001.

**<u>പരാതിയുടെ സംക്ഷിപ്ത രൂപം :</u>**

12456 കൺസ്യൂമർ നമ്പറിലുള്ള കണക്ഷൻ പൂർണ്ണമായും വിച്ഛേദിക്കുന്നതിനായി അപേക്ഷ നൽകിയിരുന്നു. ഇതേ തുടർന്ന് 2001 - 02 കാലഘട്ടത്തിൽ 5,888/- രൂപ പഴയ കുടിശ്ശിക ഇനത്തിൽ അടവാക്കണമെന്ന് തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗം ആവശ്യപ്പെടുകയുണ്ടായി. ടി കാലയളവിൽ കുടിശ്ശിക ഒന്നും തന്നെ ഇല്ലെന്നും ആവശ്യപ്പെട്ട കുടിശ്ശിക തുകക്ക് ബില്ലുകൾ നൽകാത്തതിനാൽ കുടിശ്ശിക തുക ഒഴിവാക്കി എത്രയും വേഗത്തിൽ കണക്ഷൻ പൂർണ്ണമായും വിച്ഛേദിച്ച് നൽകണമെന്നതാണ് പരാതി.

**ഫോറത്തിൻെറ നടപടികൾ :**

23.05.2025 ന് ഫോറം പരാതി ഫയലിൽ സ്വീകരിച്ചു. ലൈസൻസിക്കു വേണ്ടി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ, ബില്ലിങ്ങ് അസിസ്റ്റന്റ് എന്നിവരിൽ നിന്നും സത്യവാങ്മൂലം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടു. 27.06.2025 ന് പരാതി വിശദമായി പരിശോധിച്ചു.

**വിഷയത്തിൽ ബില്ലിങ്ങ് സെക്ഷൻ സമർപ്പിച്ച സത്യവാങ്മൂലം.**

തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗം കാര്യാലയത്തിലെ 32/445 - ാം നമ്പറിലുള്ള ഗാർഹിക ഉപഭോക്താവായ കൺസ്യൂമർ നം. 12456 കണക്ഷൻെറ താരിഫ് LT 1 ആണ്. ടി കണക്ഷൻ സിംഗിൾ ഫേസ് ആണ്. ആയത് ശ്രീമതി. രാജമ്മാളിൻെറ പേരിൽ നൽകിയിട്ടുള്ളതാണ്. ടി കണക്ഷനിൽ 2001 - 02 കാലഘട്ടത്തിൽ കുടിശ്ശിക വകയിൽ 4990/- രൂപ + പലിശ അടയ്ക്കുവാനുള്ളതാണ്. ജൂൺ 2001, ഒക്ടോബർ 2001, ഡിസംബർ 2001 മാസങ്ങളിൽ അടയ്ക്കാനുള്ള കുടിശ്ശികയാണ് പ്രസ്തുത കുടിശ്ശികയായ 4990/- രൂപ.

| | | | | |
|---|---|---|---|---|
| ജൂൺ 2001 | - | കുടശ്ശിക | - | 3081/- രൂപ. |
| ഒക്ടോബർ 2001 | - | കുടശ്ശിക | - | 885/- രൂപ. |
| ഡിസംബർ 2001 | - | കുടശ്ശിക | - | 1024/- രൂപ. |

ടി കണക്ഷൻ സി.ഡി.സി. ചെയ്യുന്നതിന് അപേക്ഷ നൽകിയ സാഹചര്യത്തിൽ പ്രസ്തുത കണക്ഷൻ പൊളിച്ചുകൊണ്ടു വരേണ്ടതിനാൽ 2001 - 02 കാലഘട്ടത്തിലെ കുടിശ്ശിക അടച്ചു തീർക്കേണ്ടതുണ്ട്. കുടിശ്ശിക അടച്ചു തീർത്തതിനുശേഷം കണക്ഷൻ പൊളിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ടെക്നിക്കൽ സെക്ഷനുമായി ബന്ധപ്പെടാവുന്നതാണ്.

**<u>വിഷയത്തിൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച സത്യവാങ്മൂലം.</u>**

15.05.2025 ന് EW3 – 3246/25 ഫയൽ പ്രകാരം ശ്രീ. കൃഷ്ണകുമാർ. പി. അദ്ദേഹത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലെ കൺസ്യൂമർ നമ്പർ 12456 എന്ന കണക്ഷൻ പൊളിച്ചു മാറ്റുന്നതിനായി അപേക്ഷ സമർപ്പിച്ചു. ആയതിന്റെ ഭാഗമായി പഴയ കുടിശ്ശിക റിപ്പോർട്ട് ബില്ലിംഗ് സെക്ഷനിൽ നിന്നും ആരായുകയും കുടിശ്ശിക ഇനത്തിൽ 4990/- രൂപ ഉള്ളതായി വിവരവും ലഭിച്ചു. തുടർനടപടി എന്നോണം 13.05.2025 ൽ വാർഡ് ഓവർസിയർ സ്ഥലം പരിശോധിച്ച് റീഡിംഗ് എടുക്കുകയും താൽക്കാലികമായി കണക്ഷൻ വിച്ഛേദിക്കുകയും ചെയ്തിട്ടുള്ളതാണ്. ആ സമയത്തെ റീഡിംഗ് 10171, മീറ്റർ നമ്പർ: 50338826 ആണ്. കുടിശ്ശിക നിലനിൽക്കുന്ന സാഹചര്യത്തിൽ കുടിശ്ശിക അടച്ചു തീർക്കാതെ വൈദ്യുതി കണക്ഷൻ പൊളിച്ചുമാറ്റാൻ സാധിക്കുന്നതല്ല എന്ന് KSERC Supply code 2014 reg 145 ൽ സൂചിപ്പിക്കുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക അടയ്ക്കുന്നതിന് അപേക്ഷകനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. അപേക്ഷകൻ പഴയ കുടിശ്ശിക സംബന്ധിച്ച് ഡീറ്റെയിൽസ് വിശദമായി വേണമെന്ന് അറിയിച്ചതിനെ തുടർന്ന് ബില്ലിംഗ് വിഭാഗത്തിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുള്ളതാണ്. നാളിതുവരെയായി കുടിശ്ശിക അടയ്ക്കാത്തതിനാൽ കണക്ഷൻ പൊളിച്ചു മാറ്റാൻ സാധിച്ചിട്ടിലാത്തതാണ്. കണക്ഷൻ 32/445 എന്ന കെട്ടിട നമ്പർ ഉള്ള കെട്ടിടത്തിലേക്ക് 1 A താരിഫിൽ രാജമ്മാൾ എന്ന പേരിലാണ് നൽകിയിരിക്കുന്നത്.

**<u>ഫോറത്തിന്റെ നിഗമനം :</u>**

കണക്ഷൻ പൂർണ്ണമായും വിച്ഛേദിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ അടിയന്തിരമായി തീർപ്പ് കൽപ്പിക്കേണ്ടതിനാൽ ടി വിഷയത്തിൽ ഇടക്കാല വിധി പുറപ്പെടുവിക്കാവുന്നതാണ് എന്ന് ഫോറം വിലയിരുത്തി. 2001 - 02 കാലഘട്ടത്തിൽ നിലനിന്നിരുന്ന കുടിശ്ശിക വിവരം ഇതിനു മുൻപ് കൺസ്യൂമറെ അറിയിക്കുവാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുന്നതിന് ഫോറം ആവശ്യപ്പെട്ടിരുന്നു. എന്നാൽ പഴയ കുടിശ്ശിക സംബന്ധിച്ച വിഷയത്തിൽ ലൈസൻസിയുടെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്താതെ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ ഫോറം തിരസ്കരിച്ചു. ടി വിഷയത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അടുത്ത സിറ്റിങ്ങിനു മുൻപായി കുടിശ്ശിക പിരിച്ചെടുക്കാൻ മുൻകാലങ്ങളിൽ നടത്തിയ നടപടികൾ തെളിവുകൾ സഹിതമുള്ള സത്യവാങ്മൂലം ഫോറത്തിന് ലഭ്യമാക്കേണ്ടതാണ് എന്ന് ലൈസൻസിയെ അറിയിക്കാൻ തീരുമാനിച്ചു.

**<u>ഉത്തരവ് നടപടികൾ (ഇടക്കാല ഉത്തരവ്) :</u>**

ഉപഭോക്താവിന്റെ കണക്ഷൻ പൂർണ്ണമായും വിച്ഛേദിക്കുന്നതിനായി നൽകിയ അപേക്ഷ പ്രകാരം അടിയന്തിരമായി കണക്ഷൻ പൂർണ്ണമായും വിച്ഛേദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ലൈസൻസിയെ ചുമതലപ്പെടുത്തുന്നു. കൂടാതെ കണക്ഷൻ പൂർണ്ണമായും വിച്ഛേദിക്കുന്നിന് ഉപഭോക്താവിൽ നിന്നും അപേക്ഷ ലഭിച്ച തീയതിക്കുശേഷം തുടർന്ന് ബിൽ ചെയ്യരുത് എന്നും ഉത്തരവാകുന്നു.

| | | |
|---|---|---|
| അഡ്വ. അസിയ.പി.കെ | വിനുകൃഷ്ണൻ.കെ | ടി.എസ്. ജോസ് |
| മെമ്പർ | മെമ്പർ | ചെയർപേഴ്സൺ |